LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ചിട്ടുണ്ട്. ഈ സമിതികളുടെ റിപ്പോർട്ടിലെ ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ പരിഗണിച്ച് 5-11-2020-ലെ സ.ഉ.(അച്ചടി) നമ്പർ 152/2020/ ധന. പ്രകാരം ധനദുർവ്വിനിയോഗം സാദ്ധ്യമാക്കുന്ന വ്യയ നിയന്ത്രണ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* വിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സമിതിയുടെ ശിപാർശയിന്മേൽ വിവിധ വകുപ്പുകൾ നടപടി കൈക്കൊണ്ടു വരികയാണ്.

(ബി) കേന്ദ്ര സർക്കാർ ഇത്തരം ഒരു പഠനം നടത്തി റിപ്പോർട്ട് തയാറാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ ഇത്തരം ഒരു പഠനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനം അങ്ങനെയൊരു വിശദ പഠനം നടത്തുന്നതിന് വിദഗ്ധരുടെ സമിതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

കോവിഡ് - 19-ന്റെ വ്യാപനം സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ഏൽപ്പിച്ച സാമ്പത്തിക-സാമൂഹിക പ്രത്യാഘാതം, അതിനെ നേരിടാനുള്ള മാർഗ്ഗങ്ങൾ, മറ്റ് രാജ്യങ്ങൾ, സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ സർക്കാർ നടപടികളുടെ അവലോകനം എന്നിവ വിഷയങ്ങളാക്കിക്കൊണ്ടുള്ള പഠനം നടത്തുന്നതിനായി 18-8-2021-ലെ സ.ഉ (സാധാ) നമ്പർ 5599/2021/ധന. പ്രകാരം ഗ്രേലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. GIFT ഇതുസംബന്ധിച്ച പഠനം നടത്തി വരുന്നു. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പെട്രോളിന്റെയും ഡീസലിന്റെയും നികുതി

15 (*43) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി-യിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തിനെതിരെ സംസ്ഥാന സർക്കാർ ജി.എസ്.ടി. കൗൺസിലിൽ നിലപാട് സ്വീകരിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപ്പന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. ടി നിയമമനുസരിച്ച് പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും വിൽപ്പന നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനപ്രകാരം ചുമത്താവുന്ന പരമാവധി നികുതി നിരക്ക് 28% ചുമത്തിയാൽപോലും സംസ്ഥാന വിഹിതം 14% മാത്രമാണ്. അതിനാൽ പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഭീമമായ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്നതാണ്. മാത്രവുമല്ല എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ, ഡീസൽ നികുതികളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര നികുതികളിൽ വൻവർദ്ധനവാണുണ്ടായത്. അതിനാൽ കേന്ദ്ര നികുതി കുറച്ച് വിലനിയന്ത്രിക്കുന്നതിന് കേന്ദ്രസർക്കാരിൽ സർക്കാർ തലത്തിൽ സമ്മർദം ചെലുത്താവുന്നതാണ്.

(ബി) പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.യിൽ ഉൾപ്പെടുത്തിയാൽ വില കുറയാൻ സാദ്ധ്യതയില്ല എന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

പെട്രോളിനെയും ഡീസലിനെയും ചരക്കുസേവന നികുതിയിൽ ഉൾപ്പെടുത്തുമ്പോൾ നിശ്ചയിക്കുന്ന നികുതി നിരക്കിന് ആനുപാതികമായാണ് വിലവ്യത്യാസം ഉണ്ടാകുന്നത്.

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുമ്പോൾ സംസ്ഥാന സർക്കാർ ഈടാക്കുന്ന അഡീഷണൽ സെയിൽസ് ടാക്സും സോഷ്യൽ സെക്യൂരിറ്റി സെസ്സും വേണ്ടെന്നുവയ്ക്കാൻ തയ്യാറാകുമോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എന്നാൽ 6-5-2020-ൽ കേന്ദ്ര നികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതിനാൽ കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവുമൂലമുള്ള വിലക്കയറ്റം അതിജീവിക്കുവാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവ് വരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ ക്ഷേമപെൻഷൻ ഉൾപ്പെടെയുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും.

(ഡി) അഡീഷണൽ സെയിൽസ് ടാക്സും സോഷ്യൽ സെക്യൂരിറ്റി സെസ്സും ഉൾപ്പെടെ സംസ്ഥാനം നിലവിൽ പെട്രോളിന്റെയും ഡീസലിന്റെയും മേൽ എത്ര ശതമാനം നികുതിയാണ് ചുമത്തുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ പെട്രോളിന്റെയും ഡീസലിന്റെയും മേൽ സംസ്ഥാനം ചുമത്തുന്ന അഡീഷണൽ സെയിൽസ് ടാക്സും സോഷ്യൽ സെക്യൂരിറ്റി സെസ്സും അനുബന്ധമായി ചേർക്കുന്നു.*

സംസ്ഥാനത്തിന് ലഭിക്കുന്ന അധിക ഇന്ധന നികുതി വരുമാനം

16 (*44) ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഇന്ധനവില തുടർച്ചയായി വർദ്ധിക്കുന്ന സാഹചര്യത്തിൽ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഇന്ധന നികുതി കണക്കാക്കുന്നതിന് പകരം നിശ്ചിത നികുതി രീതിയിലേയ്ക്ക് മാറാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ?

ഇതുസംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ധനകാര്യ വകുപ്പ് തയ്യാറാക്കിയ 'കോവിഡ്-19 പാൻഡമിക് റെസ്പോൺസ് സ്ട്രാറ്റജിക് റിപ്പോർട്ട്'-ന്റെ ഭാഗം 5-ൽ പെട്രോളിന്മേലും ഡീസലിന്മേലും അധികനികുതി വരുമാനം സമാഹരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശം ആകെ നികുതിയുടെ ഒരു ഭാഗം നിശ്ചിത നികുതിയായി മാറ്റുകയും ശേഷിക്കുന്ന ഭാഗം നികുതി വിൽപ്പന മൂല്യത്തിന്റെ നിശ്ചിത ശതമാനമായും കണക്കാക്കുക എന്നതാണ്.

(സി) പ്രസ്തുത രീതിയിലേയ്ക്ക് മാറിയാൽ തുടർച്ചയായി ഉണ്ടാകുന്ന ക്രൂഡ് ഓയിൽ വിലവർദ്ധനവിനെ തുടർന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന അധിക ഇന്ധന നികുതി വരുമാനം ജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധിക്കില്ലേയെന്ന് വ്യക്തമാക്കാമോ;

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly